(ബി - ജി) 1977-ലെ കേരള ഫുഡ്സ്റ്റഫ്സ് (ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ളീഷ്മെന്റ്) ഓർഡർ, പ്രകാരം ഹോട്ടലുകളിൽ വിലവിവരപ്പട്ടിക കർശനമായും പ്രദർശിപ്പിക്കണമെന്ന് ഉത്തരവ് ഉണ്ട്. പ്രസ്തുത ഓർഡറിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള എല്ലാ ഫീൽഡ് ഓഫീസർമാരും, കൂടാതെ ജില്ലാതലത്തിലും താലൂക്ക് തലത്തിലും രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളും പരിശോധനകൾ നടത്തി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് 1955-ലെ അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 1977-ലെ ഫുഡ്സ്റ്റഫ്സ് ഡിസ്പ്ലൈ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

പേരാവൂർ മണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനുവേണ്ടി നടത്തിയ അദാലത്ത്

69 (5747) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷയിന്മേൽ റേഷൻ കാർഡ്, വിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പുതിയ റേഷൻ കാർഡ് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കാർഡിനു വേണ്ടി നടത്തിയ അദാലത്തിൽ 5280 അപേക്ഷകൾ ലഭിച്ചു.

(ബി) അദാലത്തിൽ ലഭിച്ച അപേക്ഷകളിൽ റേഷൻ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഇതിനകം 300 റേഷൻ കാർഡുകൾ വിതരണം ചെയ്തു.

(സി) 20-8-2010 -നുള്ളിൽ വിതരണം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

70 (5748) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എവിടെയൊക്കെ എത്ര മാവേലി സ്റ്റോറുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly